**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | നാടിന്റെ പാരിസ്ഥിതിക സൗഹൃദവും, പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കായലുകളെയും ജലമേളകളെയും ഒരു ടൂറിസം ഉത്പന്നമായി വിപണം ചെയ്യുക എന്ന ലക്ഷ്യത്തോടെയും ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ ഫലമായി രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികളെ സംസ്ഥാനത്ത് എത്തിക്കാൻ വിവിധ പദ്ധതികളിലൂടെ മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | നാടിന്റെ പാരിസ്ഥിതിക സൗഹൃദവും, പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കായലുകളെയും ജലമേളകളെയും ഒരു ടൂറിസം ഉത്പന്നമായി വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെയും സംസ്ഥാനത്ത് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. വിദേശ-സ്വദേശ സഞ്ചാരികളെ കേരളിത്തിലെത്തിക്കാൻ ഉദ്ദേശിച്ച നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു ഇത്. സംസ്ഥാനത്തെ വിവിധ ജലമേളകളെ സംയോജിപ്പിച്ച് 2019 ൽ നടത്തിയ കേരള ചാമ്പ്യൻസ് ബോട്ട് ലീഗ് ഇതിനുദാഹരണമാണ്. നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം എന്നിവ വഴിയും സഞ്ചാരികൾ കേരളത്തിലെത്തുകയും നമ്മുടെ പൈതൃക സമ്പത്ത് അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത നാടൻ കലകളുടെ സംരക്ഷണാർത്ഥം നടത്തി വരുന്ന 'ഉത്സവം' പരിപാടിയും മികച്ച രീതിയിൽ തന്നെ മുൻ സർക്കാരിന്റെ കാലത്ത് നടത്തുവാനായി. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി വിനോദ സഞ്ചാരമേഖലയിൽ കൈവരിച്ച നേട്ടങ്ങളും പുരസ്കാരങ്ങളും എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | വിവിധ പ്രവർത്തനങ്ങളുടെ ഫലമായി വിനോദ സഞ്ചാരമേഖലയിൽ ഏറെ നേട്ടങ്ങൾ സംസ്ഥാനത്തിന് കൈവരിക്കാനായി. വിദേശ മേളകളിലെ സാന്നിദ്ധ്യവും കഴിഞ്ഞ 5 വർഷക്കാലം മികച്ച രീതിയിൽ തന്നെ നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷക്കാലയളവിൽ 23 അന്തർദേശീയ അവാർഡുകളും 19 ദേശീയ അവാർഡുകളും ലഭിച്ചിട്ടുണ്ട്. പുരസ്കാരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോവിഡ്-19 മൂലം പ്രതിസന്ധിയിലായ | (സി) | കോവിഡ്-19 മൂലം പ്രതിസന്ധിയിലായ |

| | | | |
|---|---|---|---|
| | ഉത്സവങ്ങളും മറ്റും കോവിഡാനന്തരം കൂടുതൽ കരുതലോടെയും ആകർഷകമായും പുന:സംഘടിപ്പിക്കുന്നതിനായുള്ള ആസൂത്രണം ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | | വിനോദസഞ്ചാര മേഖലയ്ക്ക് കരുത്തേകാൻ വിവിധ പരിപാടികൾ കൂടുതൽ ആകർഷകമായും കരുതലോടെയും കോവിഡാനന്തരം പുന:സംഘടിപ്പിക്കുവാൻ നടപടിയെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## Kerala Tourism Awards 2016-2021

### International Awards

- **United Nations World Tourism Organization (UNWTO)**
  1. Accessible Tourism Destination Award, 2019

- **Pacific Asia Travel Association (PATA)**
  2. Grand Award for Marketing-Human By Nature Campaign, 2020
  3. Gold Award for Travel Advertisement Broadcast Media, 2019
  4. Gold Award for Website, 2019
  5. Gold Award for Women Empowerment Initiative, 2019
  6. Gold Award for Travel Advertisement Print Media, 2018
  7. Gold Award for Travel Poster, 2018
  8. Gold Award for Best Consumer Travel Brochure, 2017
  9. Gold Award for Kerala Tourism E-Newsletter, 2016
  10. Gold Award for Television Commercial Campaign, 2016

- **World Travel Market (WTM), London**
  11. Responsible Tourism Awards Gold – Best for Managing Success – Kumarakom, 2018
  12. Best Stand Award, WTM 2016
  13. People's Choice Award, WTM 2016

- **Golden City Gate Awards, Berlin**
  14. Best Print Campaign, 2020
  15. Best Film, 2020
  16. Best Print Campaign, 2018
  17. Best Poster Campaign, 2018

- **International Travel and Tourism Awards (ITTA)**
  18. Best in Responsible Tourism, 2018

- **Travel And Leisure Awards**
  19. Best Honeymoon Destination in India, 2018

- **Lonely Planet Travel Awards**

20. Best Destination for Families, 2018
21. Best Destination for Romance, 2017
22. Best Destination for Families, 2016

- **Indian Responsible Tourism Awards (IRTA)**

23. Outstanding Achievement Award, 2018

**National Awards**

24. Best Face Bood Page Award, 2018
25. Social Samosa Award, 2018
26. Better Holiday Award – India's Favourite Waterfront Destination, 2017
27. Outlook Traveller Award – Best Destination for Wellness And Spirituality, 2017
28. Vth International Tourism Conclave & Travel Awards – Best Backwater, Ayurveda & Spa, And Wellness State, 2017
29. Travel And Leisure Award – Best Honeymoon Destination, 2016
30. Conde-Nast Traveller Reader's Travel Awards – Best Leisure Destination, 2016

**Ministry of Tourism, Govt. of India**

31. Best Tourism Film, 2017-18
32. Best State/UT Comprehensive Development of Tourism (Rest of India) – Third Prize, 2017-18
33. Best Tourism Film, 2016-17
34. Best State/UT Comprehensive Development of Tourism (Rest of India) – Second Prize, 2016-17
35. Best Tourism Promotion Publicity Material Excellence in Publishing Foreign Language German, 2016-17
36. Best Responsible Tourism Project/Initiative, 2016-17
37. Best Tourism Promotion Publicity Material, 2015-16
38. Best Tourism Promotion Publicity Material Excellence in Publishing Foreign Language, 2015-16
39. Best Responsible Tourism Project/Initiative, 2015-16
40. Best State/UT Comprehensive Development of Tourism (Rest of India) Third Prize, 2015-16
41. Best Civic Management of a Tourist Destination Category, 2015-16
42. Most Innovative Use of Information Technology, 2015-16